ചുരുക്കിയ മറുപടി

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3504 | 05.08.2021 - ൽ മറുപടി നൽകേണ്ടിയിരുന്നത് |

## പെട്രോൾ-ഡീസൽ വിലയുടെ നികുതി ഘടന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. കെ.കെ. രമ | | ശ്രീ. കെ.എൻ. ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) | പെട്രോൾ-ഡീസൽ ഇന്ധനങ്ങളുടെ വിൽപനവിലയിൽ കേന്ദ്രനികുതി, സംസ്ഥാനനികുതി, മറ്റ് സെസുകൾ തുടങ്ങിയ ഘടകങ്ങളുടെ ശതമാനക്കണക്ക് വ്യക്തമാക്കുമോ; | (എ) | പെട്രോൾ - ഡീസൽ ഇന്ധനങ്ങളുടെ വിൽപനവിലയിൽ 01-08-2021 തീയതി അനുസരിച്ചുള്ള കേന്ദ്ര നികുതി, സംസ്ഥാന നികുതി, മറ്റ് സെസ്സുകൾ തുടങ്ങിയ ഘടകങ്ങളുടെ പ്രതിലിറ്ററിന്മേലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മേഖലകൾതോറും പെട്രോൾ-ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | മേഖലകൾതോറും ട്രാൻസ്പോർട്ടേഷൻ ചാർജ്ജിൽ വരുന്ന വ്യത്യാസമാണ് പെട്രോൾ - ഡീസൽ വില വ്യത്യാസപ്പെടുന്നതിന് കാരണമാകുന്നത്. |
| (സി) | പെട്രോൾ-ഡീസൽ വിലയിൽ അടിസ്ഥാനവിലയുടെ എത്ര ശതമാനം വീതമാണ് സംഭരണം, വിതരണം, പമ്പുകളുടെ കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (സി) | പെട്രോൾ - ഡീസൽ വിലയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ദൂരവ്യത്യാസത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. എറണാകുളത്തെ വിലയനുസരിച്ചുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കമ്മീഷൻ എന്നീ ഇനങ്ങളിൽ 01-08-2021-ലെ കണക്കനുസരിച്ച് പെട്രോളിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 3.48 രൂപ കമ്മീഷൻ എന്നിങ്ങനെയും ഡീസലിന് പ്രതിലിറ്ററിൽ യഥാക്രമം 19 പൈസ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, 2.23 രൂപ കമ്മീഷൻ എന്നിങ്ങനെയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇന്ധനവിലയെ ജി.എസ്.ടി.യ്ക്ക് കീഴിൽ കൊണ്ടുവന്നാൽ ഉപഭോക്താക്കൾ നൽകേണ്ട വിലയിൽ കുറവുണ്ടാകും എന്ന് കരുതുന്നുണ്ടോ, വ്യക്തമാക്കാമോ? | (ഡി) | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ ഇപ്പോൾ ചുമത്തുന്ന പൊതു വില്പന നികുതി നിരക്ക് യഥാക്രമം 30.08%, 22.76% എന്നിങ്ങനെയാണ്. പെട്രോൾ, ഡീസൽ എന്നിവയെ ചരക്കുസേവന നികുതിയുടെ കീഴിൽ കൊണ്ടുവന്നാൽ പരമാവധി ചുമത്താവുന്ന നികുതി നിരക്ക് 28% മാത്രമാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**പെട്രോൾ**

| **കേന്ദ്ര നികുതികൾ** | |
|---|---|
| Basic Excise Duty | Rs. 1.4/ലിറ്റർ |
| Road infrastructure cess | Rs. 18/ലിറ്റർ |
| Special Additional Excise Duty | Rs. 11/ലിറ്റർ |
| Agriculture & Infrastructure development cess | Rs. 2.5/ലിറ്റർ |

| | |
|---|---|
| സംസ്ഥാന വിൽപന നികുതി | 30.08% |
| അധിക വിൽപന നികുതി | Rs.1/ലിറ്റർ |
| സോഷ്യൽ സെക്യൂരിറ്റി സെസ്സ് | സംസ്ഥാന നികുതികളിന്മേൽ 1% |

**ഡീസൽ**

| **കേന്ദ്ര നികുതികൾ** | |
|---|---|
| Basic Excise Duty | Rs. 1.8/ലിറ്റർ |
| Road infrastructure cess | Rs.18/ലിറ്റർ |
| Special Additional Excise Duty | Rs.8/ലിറ്റർ |
| Agriculture & Infrastructure development cess | Rs.4/ലിറ്റർ |

| | |
|---|---|
| സംസ്ഥാന വിൽപന നികുതി | 22.76% |
| അധിക വിൽപന നികുതി | Rs.1/ലിറ്റർ |
| സോഷ്യൽ സെക്യൂരിറ്റി സെസ്സ് | സംസ്ഥാന നികുതികളിന്മേൽ 1% |

**സെക്ഷൻ ഓഫീസർ**